# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.75** — **25/04/2017-ന് മറുപടിക്ക്**

## <u>പി എസ് സി റാങ്ക് ലിസ്റ്റ്</u>

**<u>ചോദ്യം</u>**

ശ്രീ. വി.കെ.സി.മമ്മത് കോയ

**<u>ഉത്തരം</u>**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

<table>
<tr><td>(എ)</td><td>പി എസ് സി നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;</td><td>(എ)</td><td>ഓരോ തസ്തികയിലേയ്ക്കും ലഭ്യമാകുന്ന അപേക്ഷകരുടെ എണ്ണത്തിനും തസ്തികയുടെ സ്വഭാവത്തിനും അനുസൃതമായി ഏതു തരത്തിലുള്ള സെലക്ഷനാണ് അഭികാമ്യം എന്ന് കമ്മീഷൻ തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പൂർത്തീകരിച്ച് റാങ്ക് പട്ടിക തയ്യാറാക്കുകയുമാണ് ചെയ്യുന്നത്.</td></tr>
<tr><td>(ബി)</td><td>ഒരു തസ്തികയിലേയ്ക്ക് എത്ര ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റാണ് തയ്യാറാക്കുന്നത്; ഇതിന് വല്ല അനുപാതവും നിലവിലുണ്ടോ;</td><td rowspan="2">(ബി) യും (സി) യും</td><td rowspan="2">ഓരോ തസ്തികയിലേയ്ക്കും ലഭ്യമായ ആകെ ഒഴിവുകൾ, പ്രസ്തുത തസ്തികയുടെ മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യ പട്ടികയിൽ ഉൾപ്പെടുത്താനുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം നിജപ്പെടുത്തിയും 08.03.2006 ലെ GO(P) No07/06/P&ARD പ്രകാരം സംവരണ സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിസർവേഷൻ ക്വാട്ടയുടെ അഞ്ചു മടങ്ങ് ഉദ്യോഗാർത്ഥികളെ അതത് സംവരണ സമുദായങ്ങളുടെ ഉപപട്ടികയിൽ ഉൾപ്പെടുത്തിയും KS&SSR റൂൾ 14(e), വിവിധ സർക്കാർ ഉത്തരവുകൾ, കാലാകാലങ്ങളിൽ കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിലാണ് കമ്മീഷൻ റാങ്ക് പട്ടിക തയ്യാറാക്കുന്നത്.</td></tr>
<tr><td>(സി)</td><td>പി എസ് സി പ്രസിദ്ധീകരിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റിലും ഈ അനുപാതം നിലനിർത്താറുണ്ടോ എന്ന് വ്യക്തമാക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**